DESPATCHED
Cn 24/12/21
22/11/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**E-mail: sic.ker@nic.in**

ഹർജി നമ്പർ **AP No. 2299(2)/2015/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 15937/SIC-G6/2015)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2021 നവംബർ 22**

ശ്രീ. ടി.എസ്. അനി,
ഹൗസ് നമ്പർ: XX/114,
തറേപറമ്പിൽ, നമ്പ്യാപുരം,
പള്ളുരുത്തി, കൊച്ചി – 682 006. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
മേഖല ഓഫീസ്, പള്ളുരുത്തി, എറണാകുളം.

2) അപ്പീൽ അധികാരി,
കൊച്ചി നഗരസഭാ കാര്യാലയം,
എറണാകുളം, കൊച്ചി. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 18/03/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/04/2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11/06/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05/10/2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09/10/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/10/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/11/2015 |
| ഹിയറിംഗ് നടന്ന തീയതി | 17/11/2021 (കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാൾ) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. ടി.എസ്. അനി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട രേഖകളല്ല

നൽകിയതെന്നും 18.4.2015-ലെ മറുപടി 14.7.2015-നാണ് ലഭിച്ചതെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി നൽകുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) ഹർജിക്കാരൻ 16.1.2015-ൽ കൊച്ചി നഗരസഭ സെക്രട്ടറി മുമ്പാകെ രജിസ്റ്റേർഡ് തപാലായി നൽകിയ പരാതിയിൽ എടുത്ത മേൽനടപടികളുടെ പകർപ്പ്
2) പള്ളുരുത്തി വില്ലേജിൽ സർവ്വെ നമ്പർ: 623/3-ൽപ്പെട്ട ടിയാന്റെ പേരിൽ പതിഞ്ഞ ഭൂമിയിൽ അനധികൃതമായി കോൺക്രീറ്റ് വഴി നിർമ്മിക്കാൻ കൊച്ചി നഗരസഭ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ്
3) മേൽപ്പടി നിർമ്മാണം സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ പേര്, വിലാസം എന്നിവ വ്യക്തമാക്കുന്ന വിവരം നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.4.2015 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപേക്ഷയിലെ 1, 2 ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകളുടെ പകപ്പുകൾ 12/- രൂപ പകർപ്പ് ഫീ ഒടുക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നും 3, 4, 5 എന്നീ ഇനങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. ഹർജിക്കാരൻ 11.6.2015 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന് ലഭ്യമാക്കിയ രേഖാപകർപ്പുകൾ വ്യക്തതയില്ലാത്തതാണെന്നും ആയതിനാൽ ഫയൽ രേഖകളുടെ വ്യക്തമായ പകർപ്പുകൾ നൽകാൻ ഉത്തരവുണ്ടാകണമെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 12.11.2015 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 18.3.2015 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 18.4.2015-ന് എതിർകക്ഷി ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് മറുപടി വൈകി എന്നാരോപിച്ച് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ സർവ്വീസ് ബുക്കിലെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് മറ്റൊരു അപേക്ഷ 16.7.2015-ന് നൽകിയിരുന്നുവെന്നും ടി അപേക്ഷയിലെ 1, 2, ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനായി നഗരസഭയിലെ പൊതുഭരണ വിഭാഗം പി.ഐ.ഒ.യ്ക്ക് അപേക്ഷയുടെ പകർപ്പ് കത്ത് മുഖേന നൽകുകയും ടി വിവരം ഹർജിക്കാരനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് MOJ2-PIO-19823/15 നമ്പർ മൊഴിയുടെ പകർപ്പ് കക്ഷി ഹാജരാക്കുകയും 31.8.2015-ൽ

ഫീസ് അടച്ച് രസീത് ഹാജരാക്കിയതിനെ തുടർന്ന് ഫയൽ രേഖകൾ അപേക്ഷകന് നൽകിയിട്ടുള്ളതുമാണെന്നും 18.3.2015-ൽ നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട ഫയൽ രേഖകളുടെ പകർപ്പുകൾ തന്നെയാണ് ഹർജിക്കാരന് നൽകിയിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരം നൽകിയ രേഖാപകർപ്പുകൾ വ്യക്തതയില്ലാത്തതും, മറ്റേതോ എസ്റ്റിമേറ്റിന്റെ പകർപ്പാണ് നൽകിയതെന്നുമാണ് ഹർജിക്കാരന്റെ ആക്ഷേപം എന്നു കാണുന്നു. എന്നാൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ 12.11.2015-ലെ റിപ്പോർട്ടിൽ ഹർജിക്കാരൻ 18.3.2015-ന് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട ഫയൽ രേഖകളുടെ പകർപ്പുകൾ തന്നെയാണ് നൽകിയിട്ടുള്ളത് എന്നാണ്. ഈ സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ, ഹർജിക്കാരന് മറുപടി നൽകിയതിന് ആധാരമായ ഫയൽ രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള സൗകര്യങ്ങൾ ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us